Draft #2 of File 20737/F O SECTION 5/2019/FO's Sec Approved by DEPUTY REGISTRAR (P & D) on 17-Feb-2021 02:31 PM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**<u>സംഗ്രഹം</u>**

സർവ്വകലാശാലയിലെ ഗവേഷണ വകുപ്പുകൾ, ഇന്റർ യൂണിവേഴ്സിറ്റി / ഇന്റർസ്കൂൾ സെന്ററുകൾ - പദ്ധതി പുരോഗതി അവലോകനം - കമ്മിറ്റിയെ നിയോഗിക്കുന്നത് - സംബന്ധിച്ച്

---

**പ്ലാനിംഗ് & ഡവലപ്മെന്റ് 2**

നമ്പർ. 1039/P&D 2/2021/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 18.02.2021

---

*പരാമർശം:*-1.15.10.2016 ലെ എ.ജി. യുടെ ഓഡിറ്റ് എൻകയറി നമ്പർ 217

2. യു.ഒ. നം. 3283/പി & ഡി 2/1/2019/ഭ.വി തീയതി 08.11.2019

3. 20.10.2020 ലെ കുറിപ്പ് നമ്പർ വി.സി./702/155/2020

**<u>ഉത്തരവ്</u>**

പരാമർശം 1 പ്രകാരം മഹാത്മാ ഗാന്ധി സർവ്വകലാശാലയിലെ വിവിധ പഠനവകുപ്പുകൾ, സെന്ററുകൾ എന്നിവിടങ്ങളിൽ നടക്കുന്ന ഗവേഷണ പദ്ധതികളുടെ പുരോഗതിയും ഗവേഷണ ഫലങ്ങളും അവലോകനം ചെയ്യുന്നതിനും ഫണ്ടിംഗ് ഏജൻസികൾ അനുവദിക്കുന്ന തുക ഉപയോഗിച്ച് വാങ്ങുന്ന ഉപകരണങ്ങൾ സർവ്വകലാശാലയുടെ ആസ്തിയായി ഉൾപെടുത്തിയിട്ടുണ്ടോയെന്ന് പരിശോധിക്കുന്നതിനും നിലവിൽ ഫലപ്രദമായ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടില്ലായെന്ന് അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് ടീം ചൂണ്ടിക്കാണിക്കുകയുണ്ടായി.പ്രസ്തുത പരാമർശത്തിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഉൾപ്പെടെ ഗവേഷണ പദ്ധതികളുടെ പുരോഗതി അവലോകനം ചെയ്യുന്നതിന് സിണ്ടിക്കേറ്റിന്റെ റിസർച്ച് ആൻഡ് ഡെവലപ്പ്മെന്റ് ഉപസമിതിയെ ചുമതലപ്പെടുത്തുകയും തുടർന്ന് പരാമർശം 2 പ്രകാരം ഗവേഷണ പദ്ധതികളുടെ പുരോഗതി അവലോകനം ചെയ്ത് വിശദമായ റിപ്പോർട്ട് സമർപ്പിക്കുന്നതിന് വൈസ് ചാൻസലറെ ചുമതലപ്പെടുത്തുകയും ചെയ്തു.

മേൽസാഹചര്യത്തിൽ താഴെപ്പറയുന്ന വിഷയങ്ങൾ ടേംസ് ഓഫ് റഫറൻസിൽ ഉൾപ്പെടുത്തി,പഠന റിപ്പോർട്ട് സമർപ്പിക്കുന്നതിന് താഴെകൊടുത്തിരിക്കുന്ന അംഗങ്ങൾ അടങ്ങുന്ന എക്സ്പെർട്ട് കമ്മറ്റിയെ നിയോഗിച്ചുകൊണ്ട് പരാമർശം 3 പ്രകാരം വൈസ് ചാൻസലർ ഉത്തരവായിരിക്കുന്നു.

**<u>എക്സ്പെർട്ട് കമ്മറ്റി</u>**

കൺവീനർ :- ഡോ.നന്ദകുമാർ കളരിക്കൽ (സിണ്ടിക്കേറ്റ് അംഗം)

അംഗങ്ങൾ :- 1.ഡോ.വിനോദൻ സി.(സ്കൂൾ ഓഫ് ഇന്റർനാഷണൽ റിലേഷൻസ് ആൻഡ് പൊളിറ്റിക്സ്)

2.ഡോ.ഇ.കെ.രാധാകൃഷ്ണൻ (സ്കൂൾ ഓഫ് ബയോ സയൻസസ്)

3.ഡോ.ജോസ് കെ. മാനുവൽ (സ്കൂൾ ഓഫ് ലെറ്റേഴ്സ്)

**<u>ടേംസ് ഓഫ് റഫറൻസ്</u>**

1.കേന്ദ്ര / സംസ്ഥാന / സ്വകാര്യ ഫണ്ടിംഗ് ഏജൻസികളിൽ നിന്നും ലഭിക്കുന്ന പ്രൊജക്റ്റ് ഫണ്ട് സംബന്ധിച്ച വിശദാംശങ്ങൾ
2.വിവിധ വിഷയങ്ങളിലുള്ള റിസർച്ച് പുബ്ലിക്കേഷൻസ് / ബുക്കുകൾ സംബന്ധിച്ച വിശദാംശങ്ങൾ
3.വിവിധ വിഷയങ്ങളിൽ ആകെ ലഭിച്ചിട്ടുള്ള പേറ്റന്റുകൾ സംബന്ധിച്ച വിശദാംശങ്ങൾ
4.വിവിധ വിഷയങ്ങളിൽ നടത്തിയിട്ടുള്ള കോൺഫെറൻസുകൾ, സിമ്പോസിയങ്ങൾ എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ
5.വിവിധ വിഷയങ്ങളിലുള്ള പി.എച്ച്.ഡി.,പോസ്റ്റ് ഡോക്ടറൽ വിദ്യാർഥികളുടെ വിശദാംശങ്ങൾ
6.മേൽ പ്രസ്താവിച്ചതിൽ ഉൾപെടാത്തതും പ്രസക്തവുമായ മറ്റ് വിശദാംശങ്ങൾ

മേൽ സൂചിപ്പിച്ചിരിക്കുന്ന എക്സ്പെർട്ട് കമ്മറ്റിയെ പരാമർശം 1 ലേയും ടേംസ് ഓഫ് റഫറൻസിലെ വിവിധ വിഷയങ്ങളേയും ആധാരമാക്കി പഠനം നടത്തി റിപ്പോർട്ട് നൽകുന്നതിന് പരാമർശം 3 പ്രകാരം വൈസ് ചാൻസലർ ഉത്തരവാകുന്നു.കമ്മിറ്റി 15 ദിവസത്തിനകം റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ദിലീപ് കുമാർ ആർ

ഡപ്യൂട്ടി രജിസ്ട്രാർ (പി & ഡി)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. വി.സി / പി.വി.സി എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
2 . രജിസ്ട്രാർ/ ഫിനാൻസ് ഓഫീസർ എന്നിവരുടെ പി.എ മാർ.
3. ഡോ.നന്ദകുമാർ കളരിക്കൽ (സിണ്ടിക്കേറ്റ് അംഗം)
4. ഡോ . സി. വിനോദൻ,ഡോ.വിനോദൻ സി.(സ്കൂൾ ഓഫ് ഇന്റർനാഷണൽ റിലേഷൻസ് ആൻഡ് പൊളിറ്റിക്സ്
5. ഡോ.ഇ.കെ.രാധാകൃഷ്ണൻ (സ്കൂൾ ഓഫ് ബയോ സയൻസസ്)
6. ജനറൽ ക്യാഷ് സെക്ഷൻ-1
7.ഡോ.ജോസ് കെ. മാനുവൽ (സ്കൂൾ ഓഫ് ലെറ്റേഴ്സ്)
8. ഓഡിറ്റ് 4 , 5 സെക്ഷനുകൾ
9. അക്കൗണ്ട്സ് 5 സെക്ഷൻ.
10 . ഐ.ക്യൂ.എ.സി
11. സ്റ്റാറ്റിസ്റ്റിക്സ്
12 . SF/FC

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #2 of File 20737/F O SECTION 5/2019/FO's Sec Approved by DEPUTY REGISTRAR (P & D) on 17-Feb-2021 02:31 PM - Page 2

Draft #2 of File 20737/F O SECTION 5/2019/FO's Sec Approved by DEPUTY REGISTRAR  (P & D) on 17-Feb-2021 02:31 PM - Page 3

മലയാളം സർവ്വകലാശാല, കേരളം